5. ഇൻജക്ടബിൾസ് :				
എ) ബോട്ടിൽസ് 4.5 ലക്ഷം	40.59	43.11	74.00	7.78
ബി) വയൽസ് 15.00 ലക്ഷം	51.53	61.20	55.27	9.87
സി) ആംബ്യൂൾസ് 60.00 ലക്ഷം	71.37	57.88	61.43	18.75

(സി) സ്വയം പിരിഞ്ഞുപോകൽ പദ്ധതി പ്രകാരവും, അല്ലാതെയും ജീവനക്കാർ കമ്പനിയിൽനിന്നും പിരിഞ്ഞുപോയിട്ടുണ്ട്. മൂന്നു ഷിഫ്റ്റ് പ്രവർത്തിക്കേണ്ടിയിരുന്നിടത്ത് ജീവനക്കാരുടെയും ഓഫീസർമാരുടേയും കുറവു കാരണം ഒറ്റ ഷിഫ്റ്റു മാത്രമേ പ്രവർത്തിക്കുന്നുള്ളൂ. ഇക്കാരണത്താൽ ഉല്പാദനത്തിൽ കുറവു വന്നിട്ടുണ്ട്. പ്രവർത്തന മൂലധനത്തിന്റെ അപര്യാപ്തതയും ഉല്പാദന കുറവുണ്ടാകുന്നതിനുള്ള മറ്റൊരു കാരണമാണ്.

39 (595) ഹിന്ദുസ്ഥാൻ ലാറ്റക്സ് നേരിടുന്ന പ്രശ്നങ്ങൾ

ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ ഹിന്ദുസ്ഥാൻ ലാറ്റക്സ് നേരിടുന്ന പ്രശ്നങ്ങൾ സംസ്ഥാന സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിൽ സംസ്ഥാന സർക്കാരിന് ഇടപെട്ട് പരിഹരിക്കുവാൻ കഴിയുന്നവ എന്തെങ്കിലും ഉണ്ടോ; എങ്കിൽ എന്ത് നടപടിയാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത്;

(ബി) ഹിന്ദുസ്ഥാൻ ലാറ്റക്സ് നേരിടുന്ന പ്രശ്നങ്ങൾ കേന്ദ്ര സർക്കാരിനെ അറിയിക്കുവാനും ആവശ്യമായ സമ്മർദ്ദം ചെലുത്തുവാനും നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ)&(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ ഹിന്ദുസ്ഥാൻ ലാറ്റക്സിന്റെ 49% ഓഹരികൾ വിറ്റഴിക്കാനുള്ള കേന്ദ്ര സർക്കാർ തീരുമാനം പുനഃപരിശോധിക്കണം എന്ന് ആവശ്യപ്പെട്ടുകൊണ്ട് സംസ്ഥാന സർക്കാർ പ്രധാനമന്ത്രിക്ക് കത്തയച്ചിട്ടുണ്ട്.

40 (596) ഇടുക്കിയിലെ വ്യവസായ സംരംഭങ്ങൾ

ശ്രീ. പി.പി. സുലൈമാൻ റാവുത്തർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇടുക്കി ജില്ലയിൽ എന്തെങ്കിലും വ്യവസായ സംരംഭങ്ങൾ പൊതുമേഖലയിൽ ആരംഭിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൊതുമേഖലയിൽ ആരംഭിച്ച വ്യവസായ സ്ഥാപനങ്ങളുടെ ജില്ലതിരിച്ചുള്ള വിവരം ലഭ്യമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇടുക്കി ജില്ലയിൽ 750 ഏക്കർ സ്ഥലത്ത് കിൻഫ്രായുടെ ഹെർബൽ പാർക്ക് സ്ഥാപിക്കുന്നതിനുള്ള പഠനം നടത്തി വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly